**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2310** **14-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിങ് വിഭാഗത്തിലെ നിയമനവും സ്ഥലം മാറ്റവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | എൽ എസ് ജി ഡി എൻജിനീയറിങ് വിഭാഗത്തിൽ ഓവർസിയർ ഗ്രേഡ് രണ്ട് തസ്തികയിൽ സൂപ്പർ ന്യൂമററി പോസ്റ്റിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് ; ഇവരുടെ നിയമനം സ്ഥിരമാണോ; ഇവർ ജോലി ചെയ്യുന്ന ഓഫീസുകൾ ഏതൊക്കെ; ഏതൊക്കെ ഓഫീസുകളിൽ ആണ് സൂപ്പർ ന്യൂമററി പോസ്റ്റുകൾ സൃഷ്ടിച്ചത് ; നിലവിൽ ഇവരെ മാറ്റി നിയമിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | G.O.(P) No. 63/13/SJD Dtd 07.08.2023, G.O.(P) No. 32/14 SJD നമ്പർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 18.06.2014 തീയതിയിലെ E5-3851/14/CE/LSGD നമ്പർ ഉത്തരവ് പ്രകാരം എൽ എസ് ജി ഡി എഞ്ചിനിയറിംഗ് വിഭാഗത്തിൽ ഓവർസിയർ ഗ്രേഡ് II തസ്തികയിൽ സൂപ്പർന്യൂമററി പോസ്റ്റിൽ കോഴിക്കോട് കോർപ്പറേഷനിൽ ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്. ജീവനക്കാരി സേവനത്തിൽ നിന്ന് വിരമിക്കുമ്പോൾ തസ്തിക ഇല്ലാതാകുന്ന രീതിയിൽ സൂപ്പർന്യൂമററി തസ്തികയിലാണ് ടി ജീവനക്കാരിക്ക് നിയമനം നൽകിയിട്ടുള്ളത്. നിലവിൽ ടി ജീവനക്കാരിക്ക് കോഴിക്കോട് ജില്ലാ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് കോർപ്പറേഷനിൽ നിന്നും കഴിഞ്ഞ പൊതുസ്ഥലം മാറ്റത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എത്ര രണ്ടാംതരം ഓവർസിയർമാരെ സ്ഥലം മാറ്റിയിട്ടുണ്ട്; ജനറൽ പോസ്റ്റിൽ എങ്ങനെയാണ് ഇവരെ മാറ്റി നിയമിച്ചതെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ; കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിലവിൽ സൂപ്പർന്യൂമററി തസ്തിക നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജനറൽ ട്രാൻസ്ഫർ സോഫ്റ്റ് വെയറിലെ ഇൻകുംബൻസി വിവരങ്ങൾ പരിശോധിച്ചതിൽ, കോഴിക്കോട് കോർപ്പറേഷനിലെ ശ്രീമതി.റസീന.സി.കെ, ടിയാളുടെ നിലവിലെ തസ്തിക സൂപ്പർന്യൂമററി എന്ന് രേഖ പ്പെടുത്തുന്നതിനു പകരം, സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ എന് ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ടിയാളെ കോഴിക്കോട് ജില്ലാ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റപ്പെട്ടിട്ടുള്ളതായി കാണുന്നു. IKM ന്റെ ജനറൽ ട്രാൻസ്ഫർ, ആപ്ലിക്കേഷൻ മുഖേന നടത്തിയ സ്ഥലം മാറ്റമായതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വേക്കൻസിയിൽ നിയമനം നടത്തിയിട്ടുണ്ടോ; കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നിലവിലെ സെക്കൻഡ് ഗ്രേഡ് ഓവർസിയരുടെ പി എസ് സി അപ്പോയിൻമെന്റ് അഡ്വൈസ് നമ്പറും തീയതിയും ലഭ്യമാക്കാമോ; | (സി) | നിയമനം നടത്തിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിലെ ശ്രീമതി. റസീന.സി.കെ ടിയാളുടെ നിലവിലെ തസ്തിക സൂപ്പർന്യൂമററി എന്ന് രേഖപ്പെടുത്തുന്നതിനു പകരം സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ എന്ന് രേഖപ്പെടുത്തിയിരുന്നതിനാൽ |

| | | | |
|---|---|---|---|
| | | | ടിയാളെ കോഴിക്കോട് ജില്ലാ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റപ്പെട്ടിട്ടുള്ള തായി കാണുന്നു. |
| (ഡി) | പ്രൊമോഷൻ ലഭിച്ചിട്ടുള്ളവരാണെങ്കിൽ നേരത്തെ ഉണ്ടായിരുന്ന തസ്തികയിലെ അപ്പോയ്മെന്റ് വിവരങ്ങൾ ലഭ്യമാക്കുമോ; കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ എൻജിനീയറിങ് വിഭാഗത്തിൽ നിലവിൽ ഏതൊക്കെ ടെക്നിക്കൽ തസ്തികകളുണ്ടെന്നും എത്ര ഒഴിവുകൾ ഈ വിഭാഗത്തിൽ നിലവിലുണ്ടെന്നും വിശദമാക്കുമോ; | (ഡി) | പ്രൊമോഷൻ ലഭിച്ചിട്ടുള്ളവരല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജനറൽ ട്രാൻസ്ഫർ സോഫ്റ്റ് വെയറിലെ ഇൻകംബൻസി വിവരങ്ങൾ പരിശോധിച്ചതിൽ എക്സിക്യൂട്ടീവ് എൻജിനീയർ (1), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (1), അസിസ്റ്റന്റ് എൻജിനീയർ (1), ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (3), സെക്കന്റ് ഗ്രേഡ് ഓവർസിയർ (1), ടെക്നിക്കൽ തസ്തികകൾ കോഴിക്കോട് ജില്ലാ പഞ്ചായത്തിലുണ്ട്. ടി തസ്തികകകളിൽ നിലവിൽ ഒഴിവില്ല. |
| (ഇ) | ജനറൽ ട്രാൻസ്ഫറിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ദൂരപരിധി എന്തുകൊണ്ടാണ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പാക്കാത്തതെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | സർക്കാരിന്റെ 25.02.2017-ലെ സ.ഉ.(പി). നം. 3/2017/ഉ.ഭ.പ. വ. ഉത്തരവിലാണ് 15 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള സർവീ സ് ഒരേ സ്റ്റേഷനിലെ സർവീസായി കണക്കാക്കുന്നു എന്ന് പ്രതിപാദിക്കുന്നത്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16 03.2024 ലെ സ.ഉ.(കൈ). നം. 46/2024/LSGD നമ്പർ ഉത്ത വിൽ ഓരോ ഓഫീസും ഓരോ സ്റ്റേഷനായാണ് കണക്കാക്കു ന്നത്. ആയതിനാൽ ദൂരപരിധി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഒരു സ്ഥലം മാറ്റത്തിന് കണക്കാക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ